(എ) തൃശ്ശൂർ ജില്ലയിലെ ഓട് വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഓടു വ്യവസായത്തിനുള്ള പ്രധാനപ്പെട്ട അസംസ്കൃത വസ്തുവായ കളിമണ്ണിന് ഏർപ്പെടുത്തി റോയൽറ്റി പിൻവലിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) കളിമണ്ണിന് ഏർപ്പെടുത്തിയ റോയൽറ്റി എന്നുമുതലാണ് തൃശ്ശൂർ ജില്ലയിൽനിന്ന് ഈടാക്കി തുടങ്ങിയിട്ടുള്ളത്;

(ഡി) ഇതുവരെയായി റോയൽറ്റി ഇനത്തിൽ തൃശ്ശൂർ ജില്ലയിൽ നിന്ന് കിട്ടിയിട്ടുള്ള സംഖ്യ എത്ര;

(ഇ) ഗ്രാമീണ വ്യവസായമായ ഓട് വ്യവസായത്തിന് സർക്കാർ നൽകുന്ന ഇളവുകളും സൗജന്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി) താൽക്കാലികമായി രണ്ടു മാസത്തേക്ക് തൃശ്ശൂർ ജില്ലയിൽ റോയൽറ്റി പിരിവ് നിർത്തിവച്ചിട്ടുണ്ട്.

(സി) കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ 1967-ൽ പ്രാബല്യത്തിൽ വന്നതുമുതൽ കളിമണ്ണിന് റോയൽറ്റി ഈടാക്കുന്നുണ്ട്.

(ഡി) നടപ്പു സാമ്പത്തിക വർഷത്തിൽ 1999 ഡിസംബർ അവസാനം വരെ മൊത്തം 36,000 രൂപ ലഭിച്ചിട്ടുണ്ട്.

(ഇ) സാധാരണയായി ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള എല്ലാവിധ ആനുകൂല്യങ്ങളും ഇളവുകളും ഓട് വ്യവസായ യൂണിറ്റുകൾക്ക് നൽകിവരുന്നു. ഉദാഹരണമായി മൂലധന സബ്സിഡി, വില്പന നികുതി ഇളവ് എന്നിവ.

.34 (609) പയ്യന്നൂർ ഖാദി കേന്ദ്രം

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏറ്റവും വലിയ ഖാദി ഉൽപ്പാദന കേന്ദ്രമായ പയ്യന്നൂർ ഖാദി കേന്ദ്രം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്തെങ്കിലും സഹായം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഖാദി കേന്ദ്രം ഉൽപ്പാദിപ്പിക്കുന്ന തുണികൾ ആരോഗ്യ വകുപ്പ് വാങ്ങുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്

(സി) ഇതു സംബന്ധിച്ച് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly